# കേരള കാർഷിക സർവ്വകലാശാല


കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം,
ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര
Email: cohagmet@kau.in & kauagmet@yahoo.co.in


## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ

## പാലക്കാട് ജില്ല

കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷി വകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.

എ.എ.എസ് 48/2019(95,) ചൊവ്വാഴ്ച്ച — തീയ്യതി 26.11.2019

അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:

| കാലാവസ്ഥാ ഘടകങ്ങൾ | 27.11.2019 | 28.11.2019 | 29.11.2019 | 30.11.2019 | 01.12.2019 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 0 | 0 | 0.2 | 1 | 4 |
| ഉയർന്ന താപനില (°C) | 31 | 31 | 31 | 31 | 31 |
| കുറഞ്ഞ താപനില (°C) | 25 | 25 | 25 | 25 | 25 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 80 | 80 | 80 | 80 | 80 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 55 | 55 | 55 | 55 | 55 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ) | 10 | 12 | 8 | 10 | 12 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 50 | 90 | 50 | 70 | 110 |
| മേഘവ്യാപ്തി (ഒക്ട്സ) | 3 | 4 | 5 | 6 | 7 |

ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും കെ.എ.യുവിന്റെയും പ്രവചനമനുസരിച്ച് ജില്ലയിൽ കാറ്റിന്റെ വേഗത കൂടി വരുന്നതിനാൽ വാഴകൾക്ക് താങ്ങുകാലുകൾ കൊടുക്കാവുന്നതാണ്.

## കാർഷിക നിർദ്ദേശങ്ങൾ:

**പൊതു നിർദ്ദേശങ്ങൾ:** വിളകളെ രോഗകീടങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിന്, മുൻകരുതലായി ജൈവകീടരോഗ നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുക.

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (മുണ്ടകൻ) ചിനപ്പു പൊട്ടുന്ന പരുവം | ഓലചുരുട്ടിപ്പുഴു | മൂടികെട്ടിയ അന്തരീക്ഷസ്ഥിതി തുടരുന്നതിനാൽ നെല്ലിൽ ഓലചുരുട്ടിപ്പുഴുവിനെ കാണാൻ സാധ്യതയുണ്ട്. ഇവയെ നിയന്ത്രിക്കുന്നതിനായി ഒരു ഏക്കർ പാടശേഖരത്തിന് 2 സിസി ട്രൈക്കോഗ്രമ്മ കാർഡ് ചെറു കഷ്ണങ്ങളായി മുറിച്ചു വയലിന്റെ പലഭാഗത്ത് ഓലയുടെ അടിഭാഗത്തായി കുത്തി വെക്കുക. അല്ലെങ്കിൽ 2 മില്ലി ക്വിനാൽഫോസ് ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ചു തളിക്കുക |
| | ബാക്ടീരിയൽ ഇല കരിച്ചിൽ | നെല്ലിൽ ബാക്ടീരിയ മൂലമുള്ള ഇല കരിച്ചിൽ പടരാതെ നിയന്ത്രിക്കാൻ 6 ഗ്രാം സ്ട്രെപ്റ്റോസൈക്ലിൻ 30 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിക്കാവുന്നതാണ്. |
| വാഴ | പരിചരണ മാർഗ്ഗങ്ങൾ | കാറ്റിന്റെ വേഗത കൂടി വരുന്നതിനാൽ വാഴകൾക്ക് താങ്ങുകാലുകൾ കൊടുക്കാവുന്നതാണ്. |
| പച്ചക്കറികൾ | നീരൂറ്റി കുടിക്കുന്ന കീടങ്ങൾ | പച്ചക്കറികളിൽ നീരൂറ്റി കുടിക്കുന്ന കീടങ്ങളെ കാണാൻ സാധ്യതയുണ്ട്. ഇവയെ നിയന്ത്രിക്കുന്നതിനായി ആഴ്ച്ചയിൽ ഒരിക്കൽ വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതം 2% തളിച്ചു കൊടുക്കാവുന്നതാണ്. |
| മൃഗസംരക്ഷണം | കന്നുകാലികൾക്ക് അപകടകാരികളായ സൂര്യ വികിരണങ്ങൾ ഏൽക്കാതിരിക്കാൻ കാലത്ത് 9 മണിക്ക് മുൻപോ വൈകിട്ട് നാല് മണിക്ക് ശേഷമോ മാത്രം മേയാൻ അനുവദിക്കാവൂ. അതിൽ തന്നെ വൈകിട്ട് മേയാൻ വിടുന്നത് ആണ് കൂടുതൽ നല്ലത്. (CAADECCS, KVASU, മണ്ണുത്തി) | |